بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 24.07.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## നബി(സ)തിരുമേനിയുടെ ഔന്നത്യ പദവിയിലുള്ള ബദരീ സ്വഹാബിയായ ഹദ്റത്ത് സഅദുബ്നു അബീ വഖാസ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ വിശ്വാസദീപ്തമായ വിവരണങ്ങൾ.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദും തഅവ്വുദും സൂറഃഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ പറഞ്ഞു;

ഹദ്റത്ത് സഅദിനെക്കുറിച്ചുള്ള പരാമർശമായിരുന്നു നടന്നുകൊണ്ടിരുന്നത്. ഹദ്റത്ത് സഅദ്, ബദർ ഉഹദ്, ഖന്ദഖ് യുദ്ധങ്ങളിലും ഹുദൈബിയ, ഖൈബർ, മക്കാവിജയം തുടങ്ങിയ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. നബി(സ) തിരുമേനിയുടെ സ്വഹാബികളിൽ പ്രഗത്ഭരായ അമ്പെയ്ത്തുകാരിൽ ഒരാളായിരുന്നു അദ്ദേഹം. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ആദ്യമായി അസ്ത്രം പ്രയോഗിക്കുകയും രക്തമൊഴുക്കുകയും ചെയ്ത വ്യക്തിയായിരുന്നു അദ്ദേഹം. ഈ സംഭവം നടന്നത് ഹദ്റത്ത് ഉബൈദാ ബിൻ ഹാരിസിന്റെ നേതൃത്വത്തിലുള്ള യുദ്ധത്തിലായിരുന്നു.

ജമാദിയുൽ ഊലാ ഹിജ്രി 2 ന് നബി(സ) തിരുമേനി സഅദുബ്നു അബീവഖാസ്(റ)നെ എട്ട് മുഹാജിറുകളടങ്ങുന്ന ഒരു സംഘത്തിന്റെ നേതാവാക്കിക്കൊണ്ട് ഖുറൈശികളുടെ വിവരങ്ങളറിയുന്നതിനായി ഖറാർ എന്ന പ്രദേശത്തേക്കയച്ചിരുന്നു. അതുപോലെ ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജഹശിന്റെ നേതൃത്വത്തിൽ നടന്ന സൈനിക നീക്കത്തിലും അദ്ദേഹം പങ്കെടുത്തിരുന്നു.

ഹദ്റത്ത സഅദിന്റെ ധീരതയെക്കുറിച്ചുള്ള നിവേദനങ്ങളിൽ ഇപ്രകാരം വന്നിരിക്കുന്നു, ബദർ യുദ്ധവേളയിൽ കാലാൾ ആയിരുന്നിട്ടും കുതിരപ്പടയാളികളെപ്പോലെ അദ്ദേഹം ധീരമായി പോരാടുകയായിരുന്നു. അതുകൊണ്ടുതന്നെ സഅദ് ഫാരിസുൽ ഇസ്ലാം അതായത് ഇസ്ലാമിന്റെ കുതിരപ്പടയാളി എന്നും വിളിക്കപ്പെട്ടിരുന്നു. ഉഹദു യുദ്ധാവസരത്തിൽ ജനങ്ങൾ ചിതറിയ അവസ്ഥയിലായിരുന്നപ്പോൾ അടിപതറാതെ നബി(സ) തിരുമേനിയുടെ കൂടെ നിലയുറച്ച എണ്ണപ്പെട്ട ചില വ്യക്തികളുടെ കൂട്ടത്തിൽ സഅദും ഉൾപ്പെടുന്നു. ഉഹദു യുദ്ധത്തിൽ ഹദ്റത്ത് സഅദുബ്നു അബീവഖാസ്(റ)ന്റെ സഹോദരനായ ഉത്ബ ബിൻ അബീവഖാസും ബഹുദൈവവിശ്വാസികളുടെ ഭാഗത്തു നിന്നും പങ്കെടുത്തിരുന്നു. അയാൾ ആക്രമിച്ച് നബി(സ) തിരുമേനിയുടെ രണ്ടു കീഴ്പല്ലുകൾ ശഹീദാക്കുകയും തിരുമുഖത്തിന് കഠിനമായി മുറിവേല്പിക്കുകയും ചെയ്തു. ഉത്ബയുടെ സഹോദരനായ ഹദ്റത്ത് സഅദുബ്നു അബീ വഖാസ് മുസ്ലിംകളുടെ ഭാഗത്തുനിന്നും യുദ്ധം ചെയ്യുകയായിരുന്നു. ഉത്ബയുടെ ചെയ്തിയെക്കുറിച്ചറിഞ്ഞപ്പോൾ പ്രതികാരാവേശത്താൽ അദ്ദേഹത്തിന്റെ ഹൃദയം തുടിച്ചു. അദ്ദേഹം പറയുകയാണ് ഞാനെന്റെ സഹോദരനെ വധിക്കുവാൻ കാണിച്ചത്ര അതിതീവ്രമമായ ആഗ്രഹം മറ്റൊരു കാര്യത്തിനുവേണ്ടിയും കാണിച്ചിട്ടുണ്ടാകില്ല. ആ അക്രമിയെ എന്റെ കൈകൊണ്ടു തന്നെ തുണ്ടം തുണ്ടമാക്കി ഹൃദയാവേശം തണുപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെ രണ്ടു പ്രാവശ്യം ഞാൻ ശത്രുനിരയുടെ മർമ്മഭാഗത്തെ ഭേദിച്ചുകൊണ്ട് അയാളെ തിരഞ്ഞു. എന്നാൽ എന്നെ കാണുമ്പോഴെല്ലാം അയാൾ കുറുക്കനെപ്പോലെ പതുങ്ങി കടന്നു കളയുമായിരുന്നു. മൂന്നാമതും ഞാൻ അതുപോലെ ശത്രുസൈന്യത്തിൽ നുഴഞ്ഞുകയറാൻ ശ്രമിച്ചപ്പോൾ നബി(സ) തിരുമേനി വാത്സല്യത്തോടെ എന്നോട് പറഞ്ഞു; അല്ലയോ ദൈവദാസാ, ജീവൻ ഒടുക്കാനാണോ നിന്റെ ഉദ്ദേശ്യം? അങ്ങനെ നബി(സ) തിരുമേനി തടഞ്ഞപ്പോൾ ഞാനെന്റെ ഉദ്ദേശ്യത്തിൽ നിന്നും പിൻമാറി.

നബി(സ)തിരുമേനി ഹദ്റത്ത് സഅദുബ്നു അബീവഖാസ്(റ)ന് അമ്പുകൾ സ്വയം എടുത്തുകൊടുക്കുകയും അദ്ദേഹം ആ അമ്പുകൾ ശത്രുക്കൾക്കു നേരെ വർഷിക്കുകയും ചെയ്യുകയായിരുന്നു. ഒരിക്കൽ നബ(സ)തിരമേനി ഹദ്റത്ത് സഅദിനോടു പറഞ്ഞു; എന്റെ മാതാപിതാക്കൾ താങ്കൾക്കു തെണ്ടമായിരിക്കട്ടെ. താങ്കൾ ശരവർഷം തുടർന്നുകൊണ്ടേയിരിക്കുക. ഈ വാക്കുകൾ സഅദ് തന്റെ ജീവിതകാലം മുഴുവനും വളരെ അഭിമാനപൂർവം എടുത്തു പറയുമായിരുന്നു.

ഉഹദ് യുദ്ധത്തിന്റെ അവസരത്തിൽ ഹിബാൻ എന്നു പേരുള്ള അപകടകാരിയായ ഒരു ശത്രു, ഹദ്റത്ത് ഉമ്മെ അയ്മനു നേരെ അമ്പെയ്തു. യുദ്ധത്തിൽ പരിക്കേറ്റവർക്ക് വെള്ളം നൽകുകയായിരുന്ന അവരുടെ വസ്ത്രത്തിൽ ആ അമ്പ് കൊണ്ടു. ഇതുകണ്ട് അയാൾ ചിരിക്കാൻ തു

ടങ്ങി. ഹിബാനു നേരെ പ്രയോഗിക്കുവാനായി നബി(സ) തിരുമേനി ഒരമ്പെടുത്ത് ഹദ്റത്ത് സഅദിനു നൽകി. ആ അമ്പ് ഹിബാന്റെ തൊണ്ടയിൽ കൊള്ളുകയും അയാൾ പിറകിലേക്ക് മറിഞ്ഞുവീഴുകയും ചെയ്തു. വീഴ്ചയിൽ അയാളുടെ നഗ്നത വെളിവായി. അതു കണ്ട് നബി(സ) തിരുമേനി പുഞ്ചിരിച്ചു. നബി(സ) തിരുമേനിയുടെ ആ സന്തോഷം അല്ലാഹുവിന്റെ ഔദാര്യത്തെ കുറിച്ചു സ്മരിച്ചായിരുന്നു. മുന പോലുമില്ലാത്ത ഒരമ്പുകൊണ്ട് അപകടകാരിയായ ഒരു ശത്രുവിനെ അല്ലാഹു വഴിയിൽ നിന്നും നീക്കിത്തന്നതിനാലായിരുന്നു. ഉഹദു യുദ്ധദിവസം ഹദ്റത്ത് സഅദ് ആയിരം അമ്പുകൾ പ്രയോഗിച്ചു എന്ന് ഒരു നിവേദനത്തിൽ പറയുന്നു.

ഹുദൈബിയ സന്ധിയുടെ അവസരത്തിൽ ഉടമ്പടി എഴുതി തയ്യാറാക്കുമ്പോൾ സാക്ഷികളായി ഒപ്പുവച്ച സ്വഹാബികളുടെ കൂട്ടത്തിൽ സഅദുബ്നു അബീവഖാസും ഉൾപ്പെട്ടിരുന്നു. മക്കാവിജയ സമയത്ത് മുഹാജിറുകളുടെ മൂന്നു പതാകകളിൽ ഒരു പതാക ഹദ്റത്ത് സഅദുബ്നു അബീ വഖാസ്(റ)ന്റെ പക്കലായിരുന്നു. ഹജ്ജത്തുൽ വദാഇന്റെ സമയത്ത് ഹദ്റത്ത് സഅദ് രോഗബാധിതനായി. അതിനെക്കുറിച്ച് ഹദ്റത്ത് സഅദ്(റ) ഇപ്രകാരം വിവരിക്കുന്നു; ഞാൻ ഒരിക്കൽ മക്കയിൽ വച്ച് രോഗിയായി മരണത്തോടടുത്തിരിക്കുകയായിരുന്നു. നബി(സ)തിരുമേനി എന്നെ സന്ദർശിക്കുവാനായി വന്നു. ഞാൻ ചോദിച്ചു; യാ റസൂലല്ലാഹ്! എനിക്ക് ഒരുപാട് സ്വത്തുണ്ട്. എനിക്ക് അനന്തരാവകാശിയായിട്ട് ഒരു മകൾ മാത്രമേയുള്ളൂ. അതുകൊണ്ട് ഞാനെന്റെ സ്വത്തിന്റെ മൂന്നിൽ രണ്ട് ഭാഗം ദാനമായി നൽകട്ടെ? നബി(സ)തിരുമേനി പറഞ്ഞു; 'അരുത്'. ഞാൻ ചോദിച്ചു; എന്നാൽ പകുതി സ്വത്ത് നൽകട്ടെ? തിരുമേനി പറഞ്ഞു; 'വേണ്ട'. ഞാൻ വീണ്ടും ചോദിച്ചു; എങ്കിൽ ഞാനെന്റെ മൂന്നിലൊന്ന് സ്വദഖയായി നൽകട്ടെ? അപ്പോൾ തിരുമേനി(സ) പറഞ്ഞു; 'ശരി, എന്നാൽ അതും വളരെ കൂടുതലാണ്'.

ഹുസൂർ പറഞ്ഞു; ഈ നിവേദനത്തിൽ നിന്നും ഫിഖ്ഹ് പണ്ഡിതന്മാർ, മൂന്നിലൊന്നിൽ കൂടുതൽ വസിയ്യത്ത് ചെയ്യുവാൻ പാടുള്ളതല്ല എന്ന നിഗമനത്തിലെത്തുന്നുണ്ട്. ഇതുസംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു; സ്വന്തം ചെലവുകൾക്കുള്ളത് മാറ്റിവച്ച് ബാക്കിയുള്ളതെല്ലാം വിതരണം ചെയ്യുവാൻ ഇസ്‌ലാമിക കൽപനയില്ല എന്നതിന് ഹദീസുകളുടെ പിൻബലവുമുണ്ട്. അതുകൊണ്ടുതന്നെ നബി(സ)തിരുമേനി പറയുന്നു; നിങ്ങളിൽ ചിലർ മുഴുവൻ ധനവും സ്വദഖ നൽകുകയും പിന്നീട് ജനങ്ങളുടെ മുൻപിൽ കൈനീട്ടുകയും ചെയ്യുന്നു. സ്വദഖ, അധികമുള്ള ധനത്തിൽ നിന്നു മാത്രം നൽകേണ്ട ഒന്നാണ്. വീണ്ടും പറയുന്നു; നീ നിന്റെ അനന്തരാവകാശികളെ ദരിദ്രരായി ഉപേക്ഷിക്കുകയും അവർ ജനങ്ങളുടെ മുൻപിൽ കൈനീട്ടുകയും ചെയ്യുന്നതിനേക്കാൾ എത്രയോ ഉത്തമമാണ് നീ അവർക്കു വേണ്ടി സ്വത്ത് ഉപേക്ഷിച്ചു പോകുന്നത്. ചുരുക്കത്തിൽ, ആവശ്യം കഴിഞ്ഞുള്ള മിച്ചം വരുന്ന ധനം മുഴുവനും വിതരണം ചെയ്യുക എന്നതാണ് ഇസ്‌ലാമിന്റെ കൽപന എന്ന ചിന്താഗതി ഇസ്‌ലാമിക കല്പനകൾക്കും സ്വഹാബാക്കളുടെ കർമ്മങ്ങൾക്കും തികച്ചും വിരുദ്ധമാണ്. എന്തെന്നാൽ സ്വഹാബാക്കളിൽ ചിലരുടെ മരണശേഷം ലക്ഷക്കണക്കിന് രൂപയുടെ സ്വത്ത് അവരുടെ അനന്തരാവകാശികളിൽ വിതരണം ചെയ്യപ്പെടുകയുണ്ടായിട്ടുണ്ട്.

ഹദ്റത്ത് സഅദുബ്നു അബീ വഖാസ് വിവരിക്കുന്നു; ഞാൻ മക്കയിൽ വച്ച് രോഗബാധിതനായപ്പോൾ എന്നെ സന്ദർശിക്കുവാനായി നബി(സ) തിരുമേനി വന്നു. ഒരു നിവേദനത്തിൽ വരുന്നു; ഹദ്റത്ത് സഅദിനെ പരിചരിക്കുന്നതിനായി നബി(സ)തിരുമേനി ഒരാളെ മക്കയിൽ ഏർപ്പാടു ചെയ്തിരുന്നു. സഅദ് മക്കയിൽ വച്ച് മരണപ്പെടുകയാണെങ്കിൽ അദ്ദേഹത്തെ മക്കയിൽ ഖബറടക്കരുതെന്നും മദീനയിൽ കൊണ്ടുവന്ന് അവിടെതന്നെ ഖബറടക്കണമെന്നും അയാൾക്ക് കല്പന നൽകുകയും ചെയ്തിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു; ഹദ്റത്ത് ഉമറിന്റെ കാലത്ത് ഖുസ്റു പർവേസിന്റെ പേരമകൻ യസ്ദഗർദിന്റെ സിഹാസനാരോഹണത്തിനു ശേഷം ഇറാഖിൽ മുസ്‌ലിംകൾക്കെതിരിൽ വളരെ വിപുലമായ രീതിയിൽ യുദ്ധത്തിനുള്ള സന്നാഹം നടക്കുകയായിരുന്നു. അപ്പോൾ ഹദ്റത്ത് ഉമർ(റ) അവർക്കെതിരായി ഹദ്റത്ത് സഅദുബ്നു അബീവഖാസ്(റ)ന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ അയച്ചു. ഇറാൻ ചക്രവർത്തിയുമായി യുദ്ധം ചെയ്യുന്നതിനു മുൻപായി ഒരു പ്രതിനിധി സംഘത്തെ ചക്രവർത്തിയുടെ അടുത്തേക്കയച്ചുകൊണ്ട് ഇസ്‌ലാമിലേക്ക് ക്ഷണിക്കേണ്ടത് താങ്കളുടെ കടമയാണെന്ന കല്പന നൽകുകയും ചെയ്തു. അങ്ങനെ കല്പന ലഭിച്ചപ്പോൾ അദ്ദേഹം യസ്ദഗർദുമായി കൂടിക്കാഴ്ച നടത്തുവാനായി ഒരു സംഘത്തെ അയച്ചു. ആ സംഘം ഇറാൻ ചക്രവർത്തിയുടെ കൊട്ടാരത്തിലെത്തി. സംഘത്തിന്റെ നേതാവായിരുന്ന നുഅ്മാനുബ്നു മുക്റിൻ നബി(സ)തിരുമേനിയുടെ ദൈവനിയോഗത്തെക്കുറിച്ച് വിവരിച്ചതിനു ശേഷം പറഞ്ഞു; ഇസ്‌ലാമിനെ പ്രചരിപ്പിക്കുവാനും ലോകത്തുള്ള മുഴുജനങ്ങളെയും ഈ സത്യമതത്തിലേക്ക് ക്ഷണിക്കുവാനും ഞങ്ങൾക്ക് തിരുനബി(സ) കല്പന നൽകിയിരിക്കുന്നു. ആ കല്പന പ്രകാരം ഞങ്ങൾ താങ്കളുടെ സന്നിധിയിലെത്തിയിരിക്കുകയാണ്. ഞങ്ങൾ താങ്കളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയാണ്. യസ്ദഗർദ് ഇതുകേട്ടപ്പോൾ പൊട്ടിത്തെറിച്ചു. ഒരു പരിചാരകനോടു മണ്ണ് നിറച്ച ഒരു ചാക്ക് കൊണ്ടുവരാൻ പറഞ്ഞു. അങ്ങനെ മണ്ണു നിറച്ച ചാക്ക് കൊണ്ടുവന്നപ്പോൾ മുസ്‌ലിംകളുടെ ആ സംഘത്തിന്റെ നേതാവിനെ വിളിച്ചുകൊണ്ട് പറഞ്ഞു; ഈ മണ്ണു നിറച്ച ചാക്കല്ലാതെ നിങ്ങൾക്കു മറ്റൊന്നും ലഭിക്കുന്നതല്ല. ആ സ്വഹാബി വളരെ മാന്യതയോടെ മുന്നോട്ടാ

ഞ്ഞ് തലതാഴ്ത്തിക്കൊണ്ട് മണ്ണു നിറച്ച ആ ചാക്ക് സ്വന്തംപുറത്തു ചുമന്നുകൊണ്ട് അതിവേഗത്തിൽ ആ കൊട്ടാരസദസ്സിൽ നിന്നും ചാടി പുറത്തുകടന്നു. അവിടെ നിന്നുകൊണ്ട് തന്റെ കൂടെയുണ്ടായിരുന്നവരോട് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു; ഇറാനിലെ ചക്രവർത്തി ഇന്ന് സ്വന്തം കൈകളാൽ തന്റെ രാജ്യത്തെ ഭൂമി നമ്മെ ഏല്പ്പിച്ചിരിക്കുകയാണ്. ഇതും പറഞ്ഞുകൊണ്ട് കുതിരപ്പുറത്തേറി വേഗത്തിൽ സ്ഥലം വിട്ടു. ചക്രവർത്തി അദ്ദേഹത്തിന്റെ ഈ മുദ്രാവാക്യം വിളി കേട്ടപ്പോൾ വിറച്ചുപോയി. അയാൾ തന്റെ സദസ്സ്യരോട് പറഞ്ഞു പോകൂ വേഗം പോയി മണ്ണുനിറച്ച ആ ചാക്ക് തിരികെ കൊണ്ടുവരൂ. ഞാനെന്റെ കൈകൊണ്ടു തന്നെ സ്വന്തം രാജ്യത്തിന്റെ മണ്ണ് അദ്ദേഹത്തിനു നൽകിയതു വലിയ അപശകുനമായിരിക്കുന്നു. എന്നാൽ അവർ അപ്പോഴേക്കും കുതിരപ്പുറത്തേറി ഏറെ ദൂരം പിന്നിട്ടിരുന്നു. പിന്നീട് പറഞ്ഞതുപോലെ തന്നെ സംഭവിച്ചു. ഏതാനും വർഷങ്ങൾക്കകം ഇറാൻ മുഴുവനും മുസ്‌ലിംകളുടെ അധീനതയിലായി.

ഹുസൂർ പറഞ്ഞു; ഈ അതിമഹത്തായ പരിവർത്തനം മുസ്‌ലിംകളിൽ എങ്ങനെ സംജാതമായി? എങ്ങനെയെന്നാൽ, ഖുർആനിലെ അദ്ധ്യാപനങ്ങൾ അവരുടെ സ്വഭാവത്തിലും ശീലത്തിലും ഒരു വലിയ വിപ്ലവം ഉണ്ടാക്കി. അവരുടെ അധമമായ ജീവിതത്തിന് മരണം സംഭവിച്ചു. അതവരെ മഹത്തായ കൃത്യനിർവ്വഹണത്തിലേക്കും ഉന്നതമായ സൽസ്വഭാവത്തിലേക്കും കൊണ്ടെത്തിച്ചു. അതിന്റെ ഫലമായി അവർ ലോകത്ത് ഇസ്‌ലാമിന്റെ പ്രചാരകരായി മാറുകയും ഇസ്‌ലാമിക അധ്യാപങ്ങളനുസരിച്ചു പ്രവർത്തിച്ചുകൊണ്ട് അവർ ജനങ്ങളെ യഥാർത്ഥ മുസ്‌ലിംകളാക്കിത്തീർക്കുന്നവരാകുകയും ചെയ്തു. ഒരു ഭയത്തിനും ആപത്തിനും ഒരു ശക്തിക്കും അവരെ ഭീതിപ്പെടുത്താനായില്ല.

ഹുസൂർ പറഞ്ഞു; ഇദ്ദേഹത്തെക്കുറിച്ചുള്ള കുറച്ചു ഭാഗം ബാക്കിയുണ്ട്. അത് ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ മുഹമ്മദ് അക്രം ബാജ്‌വാ സാഹിബിന്റെ പത്നിയായ ബഹുമാന്യ ബുശ്‌റ അക്രം സാഹിബയുടെയും ഇഖ്ബാൽ അഹ്മദ് സാഹിബ്, ഗുലാം ഫാത്വിമ ഫഹീദാ സാഹിബ, മുഹമ്മദ് അഹ്മദ് അൻവർ സാഹിബ് ഹൈദരാബാദി, ബഹുമാന്യ സലീം ഹസൻ അൽജാബി സാഹിബ് ഓഫ് സിറിയ എന്നിവരുടെ ഗുണവിശേഷങ്ങളെക്കുറിച്ച് വിവരിക്കുകയും ജുമുആ നമസ്കാരത്തിനു ശേഷം അവരുടെ ജനാസ ഗാഇബ് നമസ്കരിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُوْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَاللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 24.07.2020
Malayalam Translation: **Moulavi K. Najmuddin Muriyakkanni** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516